# പതിനഞ്ചാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2024 ഒക്ടോബർ 15, ചൊവ്വ

**നമ്പർ 158**

രാവിലെ 9.00 മണിക്ക് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം (റൂൾ 50) :

സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിലെ പരാജയം മൂലം ധനപ്രതിസന്ധി ഉണ്ടായതായും ട്രഷറി നിയന്ത്രണം ഏർപ്പെടുത്തി പദ്ധതി പ്രവർത്തനങ്ങൾ പ്രതിസന്ധിയിലാക്കിയതായും പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. മാത്യു കുഴൽനാടനും മറ്റ് അഞ്ച് അംഗങ്ങളും സഭാ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഒരു ഉപക്ഷേപത്തിന് നോട്ടീസ് നൽകിയിരുന്നു. ഉപക്ഷേപം ചർച്ചയ്ക്കെടുക്കാവുന്നതാണെന്ന് ധനകാര്യ വകുപ്പുമന്ത്രി സന്നദ്ധത അറിയിച്ചതിനെത്തുടർന്ന് ഉപക്ഷേപം ഉച്ചയ്ക്ക് 12.00 മണിയ്ക്ക് പരിഗണിക്കുന്നതാണെന്ന് സ്പീക്കർ അറിയിച്ചു.

ശ്രദ്ധ ക്ഷണിക്കൽ :

(1) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ രണ്ടാം ഘട്ട വികസനവും അനുബന്ധ മേഖലകളിലെ പശ്ചാത്തലസൗകര്യ വികസനവും ത്വരിതപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. ഐ. ബി. സതീഷ് മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

(2) സംസ്ഥാനത്തെ നിരവധി റോഡുകൾ തകർന്നതിനെത്തുടർന്ന് ഉണ്ടായതായി പറയപ്പെടുന്ന ശോച്യാവസ്ഥ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. മോൻസ് ജോസഫ് പൊതുമരാമത്തും ടൂറിസവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. പൊതുമരാമത്തും ടൂറിസവും വകുപ്പുമന്ത്രി ശ്രീ. മുഹമ്മദ് റിയാസ് അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

KNPP. 1322/2024.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു:

| നമ്പർ | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1. | ശ്രീ. വി. ഡി. സതീശൻ | സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ രൂപീകരണം | ബഹു. മുഖ്യമന്ത്രി |
| 2. | ശ്രീ. വി. ജോയി | ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട ഓൺലൈൻ ബുക്കിംഗ് | ബഹു. മുഖ്യമന്ത്രി |
| 3. | ശ്രീ. ടി. പി. രാമകൃഷ്ണൻ | ക്രമസമാധാന ചുമതല ഉണ്ടായിരുന്ന ADGP യുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട് | ബഹു. മുഖ്യമന്ത്രി |
| 4. | ശ്രീ. ടി. ജെ. വിനോദ് | കൊച്ചിയിൽ 'നഗര പുനരുജ്ജീവനവും സംയോജിത ജലഗതാഗതവും പദ്ധതി' പൂർത്തീകരണം | ബഹു. മുഖ്യമന്ത്രി |
| 5. | ശ്രീ. നജീബ് കാന്തപുരം | പ്രവാസി കേരളീയ ക്ഷേമ പെൻഷൻ | ബഹു. മുഖ്യമന്ത്രി |
| 6. | ശ്രീ. മഞ്ഞളാംകുഴി അലി | മേലാറ്റൂർ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള യുവാവിന്റെ മരണം | ബഹു. മുഖ്യമന്ത്രി |
| 7. | ശ്രീ. ആന്റണി രാജു | മണക്കാട്-വലിയതുറ, വലിയതുറ-ബീമാപള്ളി, വലിയതുറ-എയർപോർട്ട് റോഡുകളുടെ പുനരുദ്ധാരണം | ബഹു. ധനകാര്യ വകുപ്പുമന്ത്രി |
| 8. | ശ്രീമതി ശാന്തകുമാരി കെ. | അഭിഭാഷക ക്ലാർക്ക് ക്ഷേമനിധി ബോർഡ് | ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 9. | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | ചെങ്കൽ പണ നേരിടുന്ന പ്രതിസന്ധി | ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 10. | ശ്രീ. എം. വിൻസെന്റ് | വിഴിഞ്ഞത്തിന്റെ അടിസ്ഥാന സൗകര്യ വികസനം | ബഹു. തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി |
| 11. | ശ്രീമതി ഒ. എസ്. അംബിക | വക്കം കായിക്കരക്കടവ് പാലം നിർമ്മാണം | ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 12. | ശ്രീ. ഇ. കെ. വിജയൻ | വിലങ്ങാട് ദുരിതബാധിതർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ | ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 13. | ശ്രീ. എ. രാജ | കുറിഞ്ഞിമല സാങ്ച്വറി രൂപീകരണം | ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 14 | ശ്രീ. സി. കെ. ഹരീന്ദ്രൻ | കൈവശ ഭൂമിക്ക് പട്ടയം ലഭ്യമാക്കൽ | ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 15. | ശ്രീ. ആന്റണി ജോൺ | ഭൂപതിവ് ചട്ട പ്രകാരം ഭൂമി പതിച്ചു നൽകുന്നതിനുള്ള വരുമാനപരിധി | ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 16. | ശ്രീ. എം. എം. മണി | ഡാമുകളിൽ അടിഞ്ഞുകൂടിയിരിക്കുന്ന മണൽ നീക്കം ചെയ്യുന്നതിന് നടപടി | ബഹു. ജലസേചന വകുപ്പുമന്ത്രി |
| 17. | ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | കുറ്റ്യാടി ജലജീവൻ മിഷൻ പദ്ധതി | ബഹു. ജലസേചന വകുപ്പുമന്ത്രി |
| 18. | ശ്രീ. മുഹമ്മദ് മുഹസിൻ | പട്ടാമ്പിയിലെ വിവിധ ഇറിഗേഷൻ പദ്ധതികൾ | ബഹു. ജലവിഭവ വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 19. | ശ്രീ. ടി. സിദ്ദിഖ് | പടിഞ്ഞാറത്തറ – പൂഴിത്തോട് റോഡ് | ബഹു. വനം-വന്യജീവി വകുപ്പുമന്ത്രി |
| 20. | ശ്രീ. കെ. യു. ജനീഷ് കുമാർ | ചിറ്റാർ സീതത്തോട് ജനവാസ മേഖലയിലെ കാട്ടാനസാന്നിധ്യം | ബഹു. വനം-വന്യജീവി വകുപ്പുമന്ത്രി |
| 21. | ശ്രീ. സി. ആർ. മഹേഷ് | കേരഫെഡ് തൊഴിലാളികളുടെ പ്രശ്നങ്ങൾ | ബഹു. കൃഷിവകുപ്പ് മന്ത്രി |
| 22. | ശ്രീ. കടകംപള്ളി സുരേന്ദ്രൻ | ഓട്ടോ കൺസൾട്ടന്റുമാർ നേരിടുന്ന ബുദ്ധിമുട്ടുകൾ | ബഹു. ഗതാഗത വകുപ്പുമന്ത്രി |
| 23. | ശ്രീ. ലിന്റോ ജോസഫ് | KSRTC അപകടങ്ങൾ ഒഴിവാക്കുന്നതിന് നടപടി | ബഹു. ഗതാഗത വകുപ്പുമന്ത്രി |
| 24. | ശ്രീ. എ. കെ. എം. അഷ്റഫ് | മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ പ്രവർത്തനം | ബഹു. മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി |
| 25. | ശ്രീ. കെ. ബാബു (നെന്മാറ) | മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യം | ബഹു. പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 26. | ഡോ. സുജിത് വിജയൻ പിള്ള | ചവറയിലെയും പന്മനയിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്ലേ ഗ്രൗണ്ട് നിർമ്മാണം | ബഹു. പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 27. | ശ്രീ. കെ. പി. എ. മജീദ് | കാളംതിരുത്തി MGLC സ്കൂൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി | ബഹു. പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 28 | ശ്രീ. പി. സി. വിഷ്ണുനാഥ് | പ്രീ പ്രൈമറി അദ്ധ്യാപകരുടെയും ആയമാരുടെയും സേവന വേതന വ്യവസ്ഥ | ബഹു. പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 29 | ശ്രീ. കെ. ആൻസലൻ | ബാലരാമപുരം-വഴിമുക്ക്-കളിയിക്കാവിള പാത നിർമ്മാണത്തിനായുള്ള സ്ഥലമേറ്റെടുക്കൽ | ബഹു. പൊതുമരാമത്ത് -വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 30 | ശ്രീ. ടി. വി. ഇബ്രാഹിം | കോഴിക്കോട്-പാലക്കാട് ഗ്രീൻ ഫീൽഡ് ഹൈവേ നിർമ്മാണം | ബഹു. പൊതുമരാമത്ത് -വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 31 | ശ്രീ. എം. എസ്. അരുൺ കുമാർ | വള്ളികുന്നംചിറ ടൂറിസം പദ്ധതി | ബഹു. പൊതുമരാമത്ത് -വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 32 | ശ്രീ. സണ്ണി ജോസഫ് | പേരാവൂരിലെ പൊതുമരാമത്ത് റോഡുകളുടെ നവീകരണം | ബഹു. പൊതുമരാമത്ത് -വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 33 | ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | പനാത്ത്താഴം-ചേവരമ്പലം ജംഗ്ഷനിൽ മേൽപ്പാലം/ അടിപ്പാലം നിർമ്മാണം | ബഹു. പൊതുമരാമത്ത് -വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 34 | ശ്രീ. ഡി. കെ. മുരളി | പെരിങ്ങമ്മല-തെന്നൂർ മലയോര ഹൈവേ നിർമ്മാണം | ബഹു. പൊതുമരാമത്ത് -വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 35 | ശ്രീ. അഹമ്മദ് ദേവർകോവിൽ | വഴിയോര ഭക്ഷണ വിതരണ കേന്ദ്രങ്ങളിലെ ശുചിത്വം | ബഹു. ആരോഗ്യ-വനിത, ശിശുവികസന വകുപ്പുമന്ത്രി |
| 36 | ശ്രീ. കെ. എം. സച്ചിൻദേവ് | കോഴിക്കോട് മെഡിക്കൽ കോളേജിൽ രാത്രികാല പോസ്റ്റ്മോർട്ടം | ബഹു. ആരോഗ്യ-വനിത, ശിശുവികസന വകുപ്പുമന്ത്രി |
| 37 | ശ്രീ. കെ. ഡി. പ്രസേനൻ | നെല്ല് വില വർദ്ധിപ്പി ക്കുന്നതിന് നടപടി | ബഹു. ഭക്ഷ്യ-പൊതു വിതരണ വകുപ്പുമന്ത്രി |
| 38 | ശ്രീ. ജി. സ്റ്റീഫൻ | റേഷൻകട നടത്തുന്ന ലൈസൻസികളുടെ പ്രശ്നങ്ങൾ | ബഹു. ഭക്ഷ്യ-പൊതു വിതരണ വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 39 | ശ്രീ. പി. ഉബൈദുള്ള | മദ്രസ ബോർഡ് നിർത്തലാക്കണമെന്ന ദേശീയ ബാലാവകാശ കമ്മീഷൻ ശിപാർശ | ബഹു. ന്യൂനപക്ഷ ക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി |

അതതു വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>മേശപ്പുറത്തു വച്ച കടലാസുകൾ</u> :

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വച്ചു.

( i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 763/2024 | ജി.ഒ. (ആർ.ടി.)നമ്പർ 2529/2024/ഹോം. | 30-8-2024 |
| 2 | 800/2024 | ഹോം.എസ്.എസ്.സി.2/157/2024/ഹോം. | 6-9-2024 |
| 3 | 845/2024 | ജി.ഒ. (ആർ.ടി.)നമ്പർ 2783/2024/ഹോം. | 24-9-2024 |
| 4 | 847/2024 | ജി.ഒ. (ആർ.ടി.)നമ്പർ 2798/2024/ഹോം. | 25-9-2024 |
| 5 | 854/2024 | ജി.ഒ. (ആർ.ടി.)നമ്പർ 2806/2024/ഹോം. | 26-9-2024 |
| 6 | 855/2024 | ജി.ഒ. (ആർ.ടി.)നമ്പർ 2782/2024/ഹോം. | 24-9-2024 |
| 7 | 885/2024 | ജി.ഒ. (ആർ.ടി.)നമ്പർ 2883/2024/ഹോം. | 6-10-2024 |
| 8 | 889/2024 | ജി.ഒ. (ആർ.ടി.)നമ്പർ 2893/2024/ഹോം. | 7-10-2024 |
| 9 | 894/2024 | സ.ഉ. (അച്ചടി.)നമ്പർ72/2024/ആഭ്യന്തരം | 6-10-2024 |
| 10 | 905/2024 | ജി.ഒ. (പി)നമ്പർ 73/2024/ഹോം. | 9-10-2024 |
| 11 | 986/2021 | സ.ഉ. (അച്ചടി) നമ്പർ 167/2021/ധനം | 8-12-2021 |
| 12 | 862/2024 | ജി.ഒ. (പി)നമ്പർ 119/2024/ടാക്സസ് | 25-9-2024 |
| 13 | 895/2024 | ജി.ഒ. (പി) നമ്പർ 132/2024/ടാക്സസ് | 7-10-2024 |

| | | | |
|---|---|---|---|
| 14 | 825/2024 | ജി.ഒ.(പി) നമ്പർ 212/2024/ആർ.ഡി. | 13-9-2024 |
| 15 | | 3102/സിഒ.എൻ.ഇ.എൻ.ജി.ജി./2023/ കെ.എസ്.ഇ.ആർ.സി. | 13-8-2024 |
| 16 | 884/2024 | ജി.ഒ.(പി) നമ്പർ 18/2024/എഫ് & ഡബ്ല്യൂ. എൽ.ഡി. | 4-10-2024 |
| 17 | 30/2020 | സ.ഉ. (അ) നമ്പർ 3/2020/ത.സ്വ.ഭ.വ. | 10-1-2020 |
| 18 | 29/2021 | സ.ഉ. (പി) നമ്പർ 16/2021/ത.സ്വ.ഭ.വ. | 26-2-2021 |
| 19 | 846/2024 | ജി.ഒ. (പി) നമ്പർ 116/2024/ടാക്സസ് | 19-9-2024 |
| 20 | 695/2024 | ജി.ഒ. (പി) നമ്പർ 116/2024/നികുതി | 8-8-2024 |
| 21 | 840/2024 | ജി.ഒ. (പി) നമ്പർ 115/2024/നികുതി | 18-9-2024 |
| 22 | 831/2024 | ജി.ഒ. (പി) നമ്പർ 172/2024/കോ-ഓപ്പ്. | 3-9-2024 |
| 23 | 833/2024 | ജി.ഒ.(പി) നമ്പർ 173/2024/കോ-ഓപ്പ്. | 3-9-2024 |
| 24 | 849/2024 | ജി.ഒ. (പി) നമ്പർ 187/2024/കോ-ഓപ്പ്. | 24-9-2024 |
| 25 | 879/2024 | ജി.ഒ. (പി) നമ്പർ 192/2024/കോ-ഓപ്പ്. | 3-10-2024 |
| 26 | 881/2024 | ജി.ഒ. (പി) നമ്പർ 191/2024/കോ-ഓപ്പ്. | 3-10-2024 |
| 27 | 897/2024 | ജി.ഒ. (പി)നമ്പർ 197/2024/കോ-ഓപ്പ്. | 8-10-2024 |
| 28 | 828/2024 | ജി.ഒ. (പി) നമ്പർ 66/2024/എൽ.ബി.ആർ. | 13-9-2024 |
| 29 | 829/2024 | ജി.ഒ. (പി)നമ്പർ 67/2024/എൽ.ബി.ആർ. | 13-9-2024 |
| 30 | 1013/2022 | ജി.ഒ. (പി)നമ്പർ 4/2022/ബി.സി.ഡി.ഡി. | 31-5-2022 |
| 31 | 865/2024 | ജി.ഒ. (പി)നമ്പർ 13/2024/ഡി.ഡി. | 27-9-2024 |
| 32 | 125/2020 | ജി.ഒ. (പി)നമ്പർ 2/2020/ആയുഷ് | 9-1-2024 |
| 33 | 824/2024 | ജി.ഒ. (പി)നമ്പർ82/2024/എച്ച് & എഫ്. ഡബ്ല്യൂ.ഡി. | 9-9-2024 |

(ii) ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | വിജ്ഞാപനത്തിന്റെ വർഷം | സ്വഭാവം |
|---|---|---|---|
| 1 | കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2022-2023 | 2023 മാർച്ചിൽ അവസാനിച്ച വർഷത്തെ സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള സി & എ. ജി.-യുടെ ആഡിറ്റ് റിപ്പോർട്ട് |
| 2 | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് | 2008-2009 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും |
| 3 | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് | 2009-2010 | ആഡിറ്റ് റിപ്പോർട്ട് |
| 4 | കേരളകശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 2022-2023 | ആഡിറ്റ് റിപ്പോർട്ട് |
| 5 | കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് | 2023-2024 | വാർഷിക റിപ്പോർട്ട് |

(iii) ചട്ടം 47 (2) പ്രകാരമുള്ള കടലാസുകൾ :

| നിയമസഭ | സമ്മേളനം | നക്ഷത്രചിഹ്നമിടാത്ത ചോദ്യനമ്പർ |
|---|---|---|
| 15 | 11 | 55, 65, 88, 100, 2020 |
| 14 | 22 | 1333 |

നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച :

“സഭാ നടപടികൾ ഇപ്പോൾ നിർത്തിവയ്ക്കുന്നു" എന്ന ഉപക്ഷേപം ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ചു സംസാരിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. പി. പി. ചിത്തരഞ്ജൻ

ശ്രീ. മാണി സി. കാപ്പൻ

ശ്രീ. ജോബ് മൈക്കിൾ

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. വി. കെ. പ്രശാന്ത്

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

ശ്രീ. കെ. ബാബു (നെന്മാറ)

ശ്രീ. വി. ഡി. സതീശൻ, പ്രതിപക്ഷ നേതാവ്

ധനകാര്യ വകുപ്പുമന്ത്രി സഭ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ചയ്ക്ക് മറുപടി നൽകി.

(സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി)

നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം സഭ തള്ളി.

<u>നിയമനിർമ്മാണകാര്യം</u> :

(i) <u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബില്ലിന്റെ പരിഗണനയും അനന്തര ഘട്ടങ്ങളും</u> :

ബഹു. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജിപ്പ് രേഖപ്പെടുത്തിയിരുന്ന ശ്രീ. എ. പി. അനിൽ കുമാർ, ശ്രീ. പി. കെ. ബഷീർ എന്നിവർ സഭയിൽ ഉണ്ടായിരുന്നില്ല.

ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന ഉപക്ഷേപത്തിനുള്ള 1 എ , 2 ബി ഭേദഗതികൾ അവതരിപ്പിച്ചില്ല. തുടർന്ന് ഉപക്ഷേപം പാസ്സാകുകയും ബിൽ വകുപ്പ് തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ സഭ പാസ്സാക്കുകയും ചെയ്തു.

രണ്ടാം വകുപ്പ്

പ്രധാന ആക്റ്റിലെ 2-ാം വകുപ്പിലെ ഖണ്ഡം (കെ) താഴെപ്പറയും പ്രകാരം മാറ്റുക :

"(കെ) "രജിസ്റ്റർ" എന്നാൽ രജിസ്റ്റർ ചെയ്യപ്പെട്ട ക്ലിനിക്കൽ സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയതും ഈ ആക്റ്റിന്റെ 12-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം കൗൺസിൽ വച്ചുപോരുന്നതും പ്രസിദ്ധപ്പെടുത്തിയതുമായ സംസ്ഥാന രജിസ്റ്റർ എന്നർത്ഥമാകുന്നു."

മൂന്നാം വകുപ്പ്

ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 3(2) (എച്ച്)-ൽ " തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ്" എന്നതിന് പകരം "തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ പ്രാക്ടീഷനേഴ്സ്" എന്ന് ചേർക്കുക.

നാലാം വകുപ്പ്

1) ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1) (ഡി)-ൽ "മെഡിക്കൽ ഓഫീസർ" എന്നതിന് ശേഷം ", എക്സ്-ഒഫിഷ്യോ" എന്ന ചിഹ്നവും വാക്കും ചേർക്കുക.

2) ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1) (ഇ)-ൽ "മെഡിക്കൽ ഓഫീസർ" എന്നതിന് ശേഷം ", എക്സ്-ഒഫിഷ്യോ" എന്ന ചിഹ്നവും വാക്കും ചേർക്കുക.

അഞ്ചാം വകുപ്പ്

ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(ഇ)-ൽ "നിലവാരം പുലർത്തുന്ന" എന്നത് ഒഴിവാക്കുക.

(ii) സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ബിൽ, 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ എന്നിവയുടെ പരിഗണനയും അനന്തര ഘട്ടങ്ങളും :

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ബില്ലും 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബില്ലും പരിഗണനയ്ക്ക് എടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജിപ്പ് രേഖപ്പെടുത്തിയിരുന്ന ശ്രീ. മഞ്ഞളാംകുഴി അലി സംസാരിച്ചില്ല.

ബില്ലുകളിന്മേലുള്ള ഉപക്ഷേപത്തിനുള്ള ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല. തുടർന്ന് ഉപക്ഷേപം പാസ്സാകുകയും ബില്ലുകൾ വകുപ്പ് തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ സഭ പാസ്സാക്കുകയും ചെയ്തു.

1. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ബിൽ :

രണ്ടാം വകുപ്പ്

(1) ഖണ്ഡം 2 (i) താഴെപ്പറയും പ്രകാരം മാറ്റുക :

“ (i) "ഉപനിയമം" എന്ന പദം എവിടെയെല്ലാം വരുന്നുവോ അവിടെയെല്ലാം "ബൈലോ” എന്ന പദം തദനുസൃതമായി അതിന് പകരം ചേർക്കേണ്ടതാണ്; ”

(2) ഖണ്ഡം 2 (ii) താഴെപ്പറയും പ്രകാരം മാറ്റുക :

“(ii) "വ്യവസായ സംരംഭം" എന്ന പദം എവിടെയെല്ലാം വരുന്നുവോ അവിടെയെല്ലാം "വ്യവസായസ്ഥാപനം” എന്ന പദം തദനുസൃതമായി അതിന് പകരം ചേർക്കേണ്ടതാണ്;

മൂന്നാം വകുപ്പ്

ഖണ്ഡം 3 താഴെപ്പറയും പ്രകാരം മാറ്റുക :

“3. 2-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 2-ാം വകുപ്പിൽ, (എ)ഖണ്ഡത്തിൽ "വ്യവസായ സ്ഥാപനങ്ങൾ” എന്നതിന് പകരം "വ്യവസായസ്ഥാപനം” എന്ന വാക്ക് ചേർക്കേണ്ടതാണ്. ”

2. 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ

മൂന്നാം വകുപ്പ്

(1) ഖണ്ഡം 3 (ii) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ൽ, “ 5-ാം വകുപ്പ് പ്രകാരം" എന്നതിന് പകരം “ 5-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം" എന്ന് ചേർക്കുക.

(2) ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ൽ " നൽകിയ" എന്നതിന് ശേഷം വരുന്ന " ഒരു" എന്നത് ഒഴിവാക്കുക.

(3) ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ൽ "ആറുമാസവുമായ" എന്നതിന് ശേഷം വരുന്ന "ഒരു" എന്നത് ഒഴിവാക്കുക.

(4) ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ, " സംരംക്ഷണ" എന്നതിന് പകരം " സംരക്ഷണ" എന്ന് ചേർക്കുക.

(5) ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ " വിരുദ്ധമായും" എന്നതിന് പകരം " വിരുദ്ധമായോ" എന്ന് ചേർക്കുക.

(6) ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ " വ്യതിചലിച്ചുകൊണ്ടും" എന്നതിന് പകരം " വ്യതിചലിച്ചുകൊണ്ടോ" എന്ന് ചേർക്കുക.

(7) ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ൽ "ആവശ്യമായ അംഗീകാരങ്ങൾ" എന്ന വാക്കുകൾക്ക് ശേഷം "ബന്ധപ്പെട്ട നിയമങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

പീഠികയിൽ " ഇതിനു ശേഷം" എന്നതിന് പകരം "ഇതിനുശേഷം" എന്ന് ചേർക്കുക.

(iii) <u>2024-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളും</u> :

2024-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ ഇന്ന് പരിഗണിക്കുന്നതിനായി കാര്യോപദേശക സമിതിയുടെ പതിനാലാമത് റിപ്പോർട്ട് ഭാഗികമായി ഭേദഗതി ചെയ്യണമെന്ന ഉപക്ഷേപം ബഹു. ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ചു. ഉപക്ഷേപം സഭ പാസ്സാക്കുകയും ബിൽ പരിഗണനയ്ക്ക് എടുക്കുകയും ചെയ്തു.

ബഹു. ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 69(5),

76(1) എന്നിവ സസ്പെന്റ് ചെയ്യണമെന്ന ഉപക്ഷേപം അവതരിപ്പിക്കുകയും ഉപക്ഷേപം പാസ്സാകുകയും ബിൽ വകുപ്പ് തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും ഭേദഗതികൾ കൂടാതെ 2024-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ സഭ പാസ്സാക്കുകയും ചെയ്തു.

ബഹു. സ്പീക്കറുടെ റൂളിംഗ് :

ശ്രദ്ധ ക്ഷണിക്കൽ, സബ്മിഷൻ എന്നിവ അനുവദിച്ചതിനെക്കുറിച്ച് ബഹു. പ്രതിപക്ഷനേതാവ് ഉന്നയിച്ചിരുന്ന ക്രമപ്രശ്നത്തിന് ബഹു. സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി.

"ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ സാന്നിധ്യത്തിൽത്തന്നെ റൂളിംഗ് നൽകണമെന്നാണ് ആഗ്രഹിച്ചത്. പക്ഷേ, സഭയിൽനിന്ന് പ്രതിപക്ഷാംഗങ്ങൾ ഇറങ്ങിപോയിരിക്കുകയാണ്. ഇന്ന് ചട്ടം 304 പ്രകാരം ശ്രീ. വി. ജോയി സബ്മിഷൻ അവതരിപ്പിച്ചിരുന്നു. ഇതേ വിഷയം സംബന്ധിച്ച് 9-10-2024-ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും സബ്മിഷൻ അവതരിപ്പിച്ചിരുന്നു. അതുസംബന്ധിച്ച ക്രമപ്രശ്നമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സഭയിൽ ചൂണ്ടിക്കാണിച്ചത്. പൊതുസമൂഹത്തിൽ ഏറെ ചർച്ച ചെയ്യപ്പെടുന്ന വിഷയമെന്ന നിലയിൽ സദുദ്ദേശ്യത്തോടെയാണ് അത്തരമൊരു ഘട്ടത്തിൽ ചെയർ പ്രസ്തുത സബ്മിഷന് അനുമതി നൽകിയത്. നേരത്തെയും ഇത്തരം സമീപനമാണ് ചെയർ സ്വീകരിച്ചത്. സബ്മിഷന്റെ കാര്യത്തിൽ വളരെ ഉദാരമായ സമീപനമാണ് ഓരോ ഘട്ടത്തിലും ചെയർ സ്വീകരിച്ചിട്ടുള്ളത്. പക്ഷേ, നിയമസഭാ സെക്രട്ടേറിയറ്റിനെതിരെയും ചെയറിനെതിരെയും അനുചിതമായ പ്രസ്താവനയാണ് പ്രതിപക്ഷനേതാവ് സഭയിൽ നടത്തിയത്. അത്തരം ആക്ഷേപങ്ങൾ സഭയ്ക്കകത്ത് നടത്തിയെന്നുമാത്രമല്ല, സഭയ്ക്ക് പുറത്തും ഇത്തരം പരാമർശങ്ങൾ അദ്ദേഹം ആവർത്തിക്കുകയുണ്ടായി. ഇത്തരം രീതി അനുചിതമാണ്. ഭാവിയിൽ ചെയറിനെതിരെ പത്രക്കാരോട് ഇത്തരം പരാമർശങ്ങൾ നടത്തുന്നരീതി ശരിയല്ലെന്ന കാര്യം ഈ ഘട്ടത്തിൽ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്."

അവകാശ ലംഘന പ്രശ്നങ്ങൾ :

(I). പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് റഫർ ചെയ്ത അവകാശലംഘന നോട്ടീസ്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സഭയിലെ അംഗങ്ങളുടെ ഇരിപ്പിടം സംബന്ധിച്ച തീരുമാനം സ്പീക്കറിൽ നിക്ഷിപ്തമാണെന്നിരിക്കെ, തന്റെ ഇരിപ്പിടമാറ്റം സംബന്ധിച്ച് സഭാദ്ധ്യക്ഷൻ എടുത്ത തീരുമാനത്തെ പരസ്യമായി മുഖ്യധാരാ മാധ്യമങ്ങളിലൂടെ വിമർശിക്കുകയും അധിക്ഷേപിക്കുകയും

ചെയ്ത ശ്രീ. പി. വി. അൻവർ, എം.എൽ.എ.-യുടെ പ്രവൃത്തി സഭയുടെയും സഭാദ്ധ്യക്ഷന്റെയും അവകാശങ്ങളുടെ ലംഘനമാകയാൽ ശ്രീ. പി. വി. അൻവർ, എം.എൽ.എ.-ക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. എം. സച്ചിൻദേവ് , എം.എൽ.എ. 11-10-2024-ന് സമർപ്പിച്ച നോട്ടീസിൻമേൽ കൂടുതൽ പരിശോധനയും അന്വേഷണവും ആവശ്യമാകയാൽ ചെയർ ഈ വിഷയം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച് പരിശോധനയ്ക്കും അന്വേഷണത്തിനും റിപ്പോർട്ടിനുമായി പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് 14-10-2024-ന് റഫർ ചെയ്തിരിക്കുന്നതായി ബഹു. സ്പീക്കർ അറിയിച്ചു.

(II) <u>അനുമതി നിഷേധിച്ച അവകാശ ലംഘന പ്രശ്നം</u>

2023 ഡിസംബർ 23-ന് കെ.പി.സി.സി. സംഘടിപ്പിച്ച ഡി.ജി.പി. ഓഫീസ് മാർച്ചിൽ പങ്കെടുത്ത ബഹുമാനപ്പെട്ട പ്രതിപക്ഷ കക്ഷികളിൽപ്പെട്ട ജനപ്രതിനിധികൾക്കെതിരെ പോലീസ് നടത്തിയ അതിക്രമം സഭയോടും സഭാംഗങ്ങളോടുമുള്ള അവഹേളനമാകയാൽ ആയതിന് ഉത്തരവാദികളായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, സംസ്ഥാന പോലീസ് മേധാവി എന്നിവർക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ. ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ആഭ്യന്തര വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായതായും നോട്ടീസിലെ വിഷയങ്ങളും ഇത് സംബന്ധിച്ച ആഭ്യന്തര വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയും പരിശോധിച്ചതായും വേദിയിൽ ഉണ്ടായിരുന്ന ജനപ്രതിനിധികൾക്കെതിരെ യാതൊരുവിധ നടപടിയും പോലീസിന്റെ ഭാഗത്ത് നിന്നുണ്ടായിട്ടില്ലെന്നും, ബാരിക്കേഡുകൾ തല്ലിത്തകർക്കാനായി നിയമവിരുദ്ധ സംഘം നടത്തിയ ആക്രമണവും കല്ലേറും തടയുന്നതിനുള്ള അവസാന ശ്രമമെന്ന രീതിയിലാണ് ജലപീരങ്കി പ്രയോഗവും കണ്ണീർ വാതക ഷെല്ലുകളുടെ പ്രയോഗവും നടത്തിയതെന്നും, പോലീസ് സമയോചിത നടപടി സ്വീകരിച്ചിരുന്നില്ലെങ്കിൽ ജനക്കൂട്ടം ബാരിക്കേഡ് തകർത്ത് കൂടുതൽ അക്രമം അഴിച്ചു വിടുമായിരുന്നുവെന്നും റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നതായും ആഭ്യന്തര വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയിൽ നിന്ന് അവകാശലംഘനത്തിന് ഹേതുവാകുന്ന യാതൊരു നടപടിയും പോലീസിന്റെ ഭാഗത്ത് നിന്നുണ്ടായിട്ടില്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവകാശലംഘന നോട്ടീസിനുള്ള അനുമതി നിഷേധിക്കുന്നതായും സ്പീക്കർ അറിയിച്ചു.

(III) <u>ചെയറിന്റെ പരിഗണനയിലുള്ള അവകാശലംഘനപ്രശ്നം</u>

വൈക്കത്ത് വഴിയോരക്കച്ചവടക്കാരെ ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടായ സംഘർഷത്തിൽ അറസ്റ്റിലായ തൊഴിലാളികളെയും നേതാക്കളെയും ജാമ്യത്തിൽ

എടുക്കുന്നതിനായി വൈക്കം പോലീസ് സ്റ്റേഷനിൽ എത്തിയ തന്നോട് നിയമസഭാംഗമെന്ന പരിഗണനപോലും നൽകാതെ അപമര്യാദയായി പെരുമാറിയ വൈക്കം എസ്.എച്ച്.ഒ.-ക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി സി. കെ. ആശ, എം.എൽ.എ. 21-8-2024-ന് സമർപ്പിച്ച നോട്ടീസ് ചെയറിന്റെ പരിഗണനയിലാണെന്ന് സ്പീക്കർ അറിയിച്ചു.

തുടർന്ന്, സഭ അനിശ്ചിതകാലത്തേക്ക് പിരിയണമെന്ന ഉപക്ഷേപം മുഖ്യമന്ത്രി അവതരിപ്പിക്കുകയും സഭ അത് അംഗീകരിക്കുകയും ചെയ്തു.

പതിനഞ്ചാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തെക്കുറിച്ച് സ്പീക്കർ ഹ്രസ്വമായ ഒരു അവലോകനം നടത്തി.

ബഹു. സ്പീക്കർ കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം മൂന്നാം പതിപ്പ് സംബന്ധിച്ച അറിയിപ്പ് നൽകി.

ഉച്ചയ്ക്കുശേഷം 4.09 -ന് സഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.

സഭാ നടപടികളുടെ അവസാനം ദേശീയഗാനം ആലപിച്ചു.

ഡോ. എൻ. കൃഷ്ണ കുമാർ,
*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Twelfth Session

# BULLETIN—PART I

(Brief Record of Proceedings)

*Tuesday, October 15, 2024*

**[English Version]**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions*:

Four Questions in the list of Questions posted for the day were answered orally.

*Adjournment Motion (Rule 50)* :

DR. Mathew Kuzhalnadan and five other members had given a notice for moving an adjournment motion on the financial crisis reported to have arisen due to the failure in financial management of State Government and the resultant crisis in project works due to the imposing of treasury restrictions. As the Minister for Finance expressed willingness to discuss the motion, the Speaker granted permission to move the adjournment motion and announced that the motion would be taken up at 12.00 noon.

*Calling Attention* :

1. Shri I. B. Satheesh called Chief Minister's attention to the necessity to expedite the development of Second Phase of Vizhinjam International Port and inter connected infrastructure. The Chief Minister made a statement in this regard.

2. Shri Mons Joseph called attention of the Public Works and Tourism Minister to the necessity to address the deplorable situation reported to have arisen due to the deteriorated condition of many roads in the State. The Minister for Public works and Tourism made a statement in this regard.

*The Matters under Rule 304*:

The matters raised in the House by the Members under Rule 304 are listed below:

| നമ്പർ | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. വി. ഡി. സതീശൻ | സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ രൂപീകരണം | ബഹു. മുഖ്യമന്ത്രി |
| 2 | ശ്രീ. വി. ജോയി | ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട ഓൺലൈൻ ബുക്കിംഗ് | ബഹു. മുഖ്യമന്ത്രി |
| 3 | ശ്രീ. ടി. പി. രാമകൃഷ്ണൻ | ക്രമസമാധാന ചുമതല ഉണ്ടായിരുന്ന ADGP യുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട് | ബഹു. മുഖ്യമന്ത്രി |
| 4 | ശ്രീ. ടി. ജെ. വിനോദ് | കൊച്ചിയിൽ 'നഗര പുനരുജ്ജീവനവും സംയോജിത ജലഗതാഗതവും പദ്ധതി' പൂർത്തീകരണം | ബഹു. മുഖ്യമന്ത്രി |
| 5 | ശ്രീ. നജീബ് കാന്തപുരം | പ്രവാസി കേരളീയ ക്ഷേമ പെൻഷൻ | ബഹു. മുഖ്യമന്ത്രി |
| 6 | ശ്രീ. മഞ്ഞളാംകുഴി അലി | മേലാറ്റൂർ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള യുവാവിന്റെ മരണം | ബഹു. മുഖ്യമന്ത്രി |
| 7 | ശ്രീ. ആന്റണി രാജു | മണക്കാട്-വലിയതുറ, വലിയതുറ-ബീമാപള്ളി, വലിയതുറ-എയർപോർട്ട് റോഡുകളുടെ പുനരുദ്ധാരണം | ബഹു. ധനകാര്യ വകുപ്പുമന്ത്രി |
| 8 | ശ്രീമതി ശാന്തകുമാരി കെ. | അഭിഭാഷക ക്ലാർക്ക് ക്ഷേമനിധി ബോർഡ് | ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 9 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | ചെങ്കൽ പണ നേരിടുന്ന പ്രതിസന്ധി | ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 10 | ശ്രീ. എം. വിൻസെന്റ് | വിഴിഞ്ഞത്തിന്റെ അടിസ്ഥാന സൗകര്യ വികസനം | ബഹു. തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി |
| 11 | ശ്രീമതി ഒ. എസ്. അംബിക | വക്കം കായിക്കരക്കടവ് പാലം നിർമ്മാണം | ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 12 | ശ്രീ. ഇ. കെ. വിജയൻ | വിലങ്ങാട് ദുരിതബാധിതർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ | ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 13 | ശ്രീ. എ. രാജ | കുറിഞ്ഞിമല സാങ്ച്വറി രൂപീകരണം | ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 14 | ശ്രീ. സി. കെ. ഹരീന്ദ്രൻ | കൈവശ ഭൂമിക്ക് പട്ടയം ലഭ്യമാക്കൽ | ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 15 | ശ്രീ. ആന്റണി ജോൺ | ഭൂപതിവ് ചട്ട പ്രകാരം ഭൂമി പതിച്ച് നൽകുന്നതിനുള്ള വരുമാനപരിധി | ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 16 | ശ്രീ. എം. എം. മണി | ഡാമുകളിൽ അടിഞ്ഞുകൂടി യിരിക്കുന്ന മണൽ നീക്കം ചെയ്യുന്നതിന് നടപടി | ബഹു. ജലസേചന വകുപ്പുമന്ത്രി |
| 17 | ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | കുറ്റ്യാടി ജലജീവൻ മിഷൻ പദ്ധതി | ബഹു. ജലസേചന വകുപ്പുമന്ത്രി |
| 18 | ശ്രീ. മുഹമ്മദ് മുഹസിൻ | പട്ടാമ്പിയിലെ വിവിധ ഇറിഗേഷൻ പദ്ധതികൾ | ബഹു. ജലവിഭവ വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 19 | ശ്രീ. ടി. സിദ്ദിഖ് | പടിഞ്ഞാറത്തറ – പൂഴിത്തോട് റോഡ് | ബഹു. വനം-വന്യജീവി വകുപ്പുമന്ത്രി |
| 20 | ശ്രീ. കെ. യു. ജനീഷ് കുമാർ | ചിറ്റാർ സീതത്തോട് ജനവാസ മേഖലയിലെ കാട്ടാനസാന്നിധ്യം | ബഹു. വനം-വന്യജീവി വകുപ്പുമന്ത്രി |
| 21 | ശ്രീ. സി. ആർ. മഹേഷ് | കേരഫെഡ് തൊഴിലാളികളുടെ പ്രശ്നങ്ങൾ | ബഹു. കൃഷിവകുപ്പ് മന്ത്രി |
| 22 | ശ്രീ. കടകംപള്ളി സുരേന്ദ്രൻ | ഓട്ടോ കൺസൾട്ടന്റുമാർ നേരിടുന്ന ബുദ്ധിമുട്ടുകൾ | ബഹു. ഗതാഗത വകുപ്പുമന്ത്രി |
| 23 | ശ്രീ. ലിന്റോ ജോസഫ് | KSRTC അപകടങ്ങൾ ഒഴിവാക്കുന്നതിന് നടപടി | ബഹു. ഗതാഗത വകുപ്പുമന്ത്രി |
| 24 | ശ്രീ. എ. കെ. എം. അഷ്റഫ് | മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ പ്രവർത്തനം | ബഹു. മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി |
| 25 | ശ്രീ. കെ. ബാബു (നെന്മാറ) | മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യം | ബഹു. പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 26 | ഡോ. സുജിത് വിജയൻ പിള്ള | ചവറയിലെയും പന്മനയിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്ലേ ഗ്രൗണ്ട് നിർമ്മാണം | ബഹു. പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 27 | ശ്രീ. കെ. പി. എ. മജീദ് | കാളംതിരുത്തി MGLC സ്കൂൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി | ബഹു. പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 28 | ശ്രീ. പി. സി. വിഷ്ണുനാഥ് | പ്രീ പ്രൈമറി അദ്ധ്യാപകരുടെയും ആയമാരുടെയും സേവന വേതന വ്യവസ്ഥ | ബഹു. പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 29 | ശ്രീ. കെ. ആൻസലൻ | ബാലരാമപുരം-വഴിമുക്ക്-കളിയിക്കാവിള പാത നിർമ്മാണത്തിനായുള്ള സ്ഥലമേറ്റെടുക്കൽ | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 30 | ശ്രീ. ടി. വി. ഇബ്രാഹിം | കോഴിക്കോട്-പാലക്കാട് ഗ്രീൻ ഫീൽഡ് ഹൈവേ നിർമ്മാണം | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 31 | ശ്രീ. എം. എസ്. അരുൺ കുമാർ | വള്ളികുന്നംചിറ ടൂറിസം പദ്ധതി | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 32 | ശ്രീ. സണ്ണി ജോസഫ് | പേരാവൂരിലെ പൊതുമരാമത്ത് റോഡുകളുടെ നവീകരണം | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 33 | ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | പനാത്ത്താഴം-ചേവരമ്പലം ജംഗ്ഷനിൽ മേൽപ്പാലം/ അടിപ്പാലം നിർമ്മാണം | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 34 | ശ്രീ. ഡി. കെ. മുരളി | പെരിങ്ങമ്മല-തെന്നൂർ മലയോര ഹൈവേ നിർമ്മാണം | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 35 | ശ്രീ. അഹമ്മദ് ദേവർകോവിൽ | വഴിയോര ഭക്ഷണ വിതരണ കേന്ദ്രങ്ങളിലെ ശുചിത്വം | ബഹു. ആരോഗ്യ-വനിത, ശിശുവികസന വകുപ്പുമന്ത്രി |
| 36 | ശ്രീ. കെ. എം. സച്ചിൻദേവ് | കോഴിക്കോട് മെഡിക്കൽ കോളേജിൽ രാത്രികാല പോസ്റ്റ്മോർട്ടം | ബഹു. ആരോഗ്യ-വനിത, ശിശുവികസന വകുപ്പുമന്ത്രി |
| 37 | ശ്രീ. കെ. ഡി. പ്രസേനൻ | നെല്ല് വില വർദ്ധിപ്പിക്കുന്നതിന് നടപടി | ബഹു. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി |
| 38 | ശ്രീ. ജി. സ്റ്റീഫൻ | റേഷൻകട നടത്തുന്ന ലൈസൻസികളുടെ പ്രശ്നങ്ങൾ | ബഹു. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 39 | ശ്രീ. പി. ഉബൈദുള്ള | മദ്രസ ബോർഡ് നിർത്തലാക്കണമെന്ന ദേശീയ ബാലാവകാശ കമ്മീഷൻ ശിപാർശ | ബഹു. ന്യൂനപക്ഷ ക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി |

The ministers made the statement regarding the respective issue.

*Papers laid on the table* :

The following papers were laid on the table:

(i) As per rule 166(1)

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 763/2024 | ജി.ഒ. (ആർ.ടി.)നമ്പർ 2529/2024/ഹോം. | 30-8-2024 |
| 2 | 800/2024 | ഹോം.എസ്.എസ്.സി.2/157/2024/ഹോം. | 6-9-2024 |
| 3 | 845/2024 | ജി.ഒ. (ആർ.ടി.) നമ്പർ 2783/2024/ഹോം. | 24-9-2024 |
| 4 | 847/2024 | ജി.ഒ. (ആർ.ടി.) നമ്പർ2798/2024/ഹോം. | 25-9-2024 |
| 5 | 854/2024 | ജി.ഒ. (ആർ.ടി.) നമ്പർ2806/2024/ഹോം. | 26-9-2024 |
| 6 | 855/2024 | ജി.ഒ. (ആർ.ടി.) നമ്പർ2782/2024/ഹോം. | 24-9-2024 |
| 7 | 885/2024 | ജി.ഒ. (ആർ.ടി.) നമ്പർ2883/2024/ഹോം. | 6-10-2024 |
| 8 | 889/2024 | ജി.ഒ. (ആർ.ടി.) നമ്പർ2893/2024/ഹോം. | 7-10-2024 |
| 9 | 894/2024 | സ.ഉ. (അച്ചടി) നമ്പർ72/2024/ആഭ്യന്തരം | 6-10-2024 |
| 10 | 905/2024 | ജി.ഒ. (പി) നമ്പർ 73/2024/ഹോം. | 9-10-2024 |
| 11 | 986/2021 | സ.ഉ. (അച്ചടി) നമ്പർ 167/2021/ധനം | 8-12-2021 |
| 12 | 862/2024 | ജി.ഒ. (പി)നമ്പർ 119/2024/ടാക്സസ് | 25-9-2024 |
| 13 | 895/2024 | ജി.ഒ. (പി) നമ്പർ 132/2024/ടാക്സസ് | 7-10-2024 |

| | | | |
|---|---|---|---|
| 14 | 825/2024 | ജി.ഒ. (പി) നമ്പർ212/2024/ആർ.ഡി. | 13-9-2024 |
| 15 | | 3102/സി.ഒ.എൻ.ഇ.എൻ.ജി.ജി./2023/ കെ.എസ്.ഇ.ആർ.സി. | 13-8-2024 |
| 16 | 884/2024 | ജി.ഒ.(പി) നമ്പർ 18/2024/എഫ് & ഡബ്ല്യു. എൽ.ഡി. | 4-10-2024 |
| 17 | 30/2020 | സ.ഉ. (അ) നമ്പർ 3/2020/ത.സ്വ.ഭ.വ. | 10-1-2020 |
| 18 | 29/2021 | സ.ഉ. (പി) നമ്പർ 16/2021/ത.സ്വ.ഭ.വ. | 26-2-2021 |
| 19 | 846/2024 | ജി.ഒ. (പി) നമ്പർ 116/2024/ടാക്സസ് | 19-9-2024 |
| 20 | 695/2024 | ജി.ഒ. (പി) നമ്പർ 116/2024/നികുതി | 8-8-2024 |
| 21 | 840/2024 | ജി.ഒ. (പി) നമ്പർ 115/2024/നികുതി | 18-9-2024 |
| 22 | 831/2024 | ജി.ഒ. (പി) നമ്പർ 172/2024/കോ-ഓപ്പ്. | 3-9-2024 |
| 23 | 833/2024 | ജി.ഒ.(പി) നമ്പർ 173/2024/കോ-ഓപ്പ്. | 3-9-2024 |
| 24 | 849/2024 | ജി.ഒ. (പി) നമ്പർ 187/2024/കോ-ഓപ്പ്. | 24-9-2024 |
| 25 | 879/2024 | ജി.ഒ. (പി) നമ്പർ 192/2024/കോ-ഓപ്പ്. | 3-10-2024 |
| 26 | 881/2024 | ജി.ഒ. (പി) നമ്പർ 191/2024/കോ-ഓപ്പ്. | 3-10-2024 |
| 27 | 897/2024 | ജി.ഒ. (പി)നമ്പർ 197/2024/കോ-ഓപ്പ്. | 8-10-2024 |
| 28 | 828/2024 | ജി.ഒ. (പി) നമ്പർ 66/2024/എൽ.ബി.ആർ. | 13-9-2024 |
| 29 | 829/2024 | ജി.ഒ. (പി) നമ്പർ 67/2024/എൽ.ബി.ആർ. | 13-9-2024 |
| 30 | 1013/2022 | ജി.ഒ. (പി) നമ്പർ 4/2022/ബി.സി.ഡി.ഡി. | 31-5-2022 |
| 31 | 865/2024 | ജി.ഒ. (പി) നമ്പർ 13/2024/ഡി.ഡി. | 27-9-2024 |
| 32 | 125/2020 | ജി.ഒ. (പി) നമ്പർ 2/2020/ആയുഷ് | 9-1-2024 |
| 33 | 824/2024 | ജി.ഒ.(പി) നമ്പർ 82/2024/എച്ച് & എഫ്. ഡബ്ല്യു.ഡി. | 9-9-2024 |

*(ii) Papers under Rule 166 B* :

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | വിജ്ഞാപനത്തിന്റെ വർഷം | സ്വഭാവം |
|---|---|---|---|
| 1 | കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2022-2023 | 2023 മാർച്ചിൽ അവസാനിച്ച വർഷത്തെ സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള സി & എ. ജി.-യുടെ ആഡിറ്റ് റിപ്പോർട്ട് |
| 2 | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് | 2008-2009 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും |
| 3 | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് | 2009-2010 | ആഡിറ്റ് റിപ്പോർട്ട് |
| 4 | കേരളകശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 2022-2023 | ആഡിറ്റ് റിപ്പോർട്ട് |
| 5 | കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് | 2023-2024 | വാർഷിക റിപ്പോർട്ട് |

*(iii) Papers under Rule 47 (2)* :

| നിയമസഭ | സമ്മേളനം | നക്ഷത്ര ചിഹ്നമിടാത്ത ചോദ്യനമ്പർ |
|---|---|---|
| 15 | 11 | 55, 65, 88, 100, 2020 |
| 14 | 22 | 1333 |

(The motion for adjournment of the House was taken for consideration.)

*Discussion on Adjournment Motion*:

DR. Mathew Kuzhalnadan moved the following motion and spoke:

"The House do now adjourn."

The following Members took part in the discussion:

Shri T. I. Madhusoodanan

Shri A. P. Anil Kumar

Shri G. S. Jayalal

Shri Mons Joseph

Shri P. P. Chitharanjan

Shri Mani C. Kappan

Shri Job Maichil

Shri Mathew T. Thomas

Shri V. K. Prasanth

Shri P. K. Kunhalikutty

Shri K. Babu (Nenmara)

Shri V. D. Satheesan, Leader of opposition.

The Minister for Finance replied to the points raised during discussion.

(As a mark of protest, the Members belonging to opposition staged a walkout.)

The motion moved was declared lost.

*Legislative Business* :

(i) Motion for consideration and further stages of The Kerala Clinical Establishments (Registration and Regulation) Amendment Bill, 2024 as reported by the Subject Committee :

Smt. Veena George, Minister for Health and Woman and Child Development moved the motion that The Kerala Clinical Establishments (Registration and Regulation) Amendment Bill, 2024 as reported by the Subject Committee be taken up for consideration.

Shri A. P. Anil Kumar and Shri P. K. Basheer, who have recorded dissent to the Subject Committee Report did not spoke.

The amendments to the motion was not moved. Then, the motion was passed and the Bill was taken up for clause by clause consideration and passed with the following amendments.

<u>രണ്ടാം വകുപ്പ്</u>

പ്രധാന ആക്റ്റിലെ 2-ാം വകുപ്പിലെ ഖണ്ഡം (കെ) താഴെപ്പറയും പ്രകാരം മാറ്റുക:

“(കെ) “രജിസ്റ്റർ” എന്നാൽ രജിസ്റ്റർ ചെയ്യപ്പെട്ട ക്ലിനിക്കൽ സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയതും ഈ ആക്റ്റിന്റെ 12-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം കൗൺസിൽ വച്ചുപോരുന്നതും പ്രസിദ്ധപ്പെടുത്തിയതുമായ സംസ്ഥാന രജിസ്റ്റർ എന്നർത്ഥമാകുന്നു.”

<u>മൂന്നാം വകുപ്പ്</u>

ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 3(2) (എച്ച്)-ൽ “തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് എന്നതിന് പകരം "തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ പ്രാക്ടീഷനേഴ്സ്” എന്ന് ചേർക്കുക.

<u>നാലാം വകുപ്പ്</u>

(1) ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1) (ഡി)-ൽ "മെഡിക്കൽ ഓഫീസർ" എന്നതിന് ശേഷം ", എക്സ്-ഒഫിഷ്യോ” എന്ന ചിഹ്നവും വാക്കും ചേർക്കുക.

(2) ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1) (ഇ)-ൽ "മെഡിക്കൽ ഓഫീസർ" എന്നതിന് ശേഷം ", എക്സ്-ഒഫിഷ്യോ” എന്ന ചിഹ്നവും വാക്കും ചേർക്കുക.

<u>അഞ്ചാം വകുപ്പ്</u>

ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(ഇ)-ൽ "നിലവാരം പുലർത്തുന്ന" എന്നത് ഒഴിവാക്കുക.

(ii) Motion for consideration and further stages of The Kerala Industrial Single Window Clearance Boards and Industrial Township Area Development (Amendment) Bill, 2024, and The Kerala Micro Small and Medium Enterprises and Other Enterprises Facilitation (Amendment) Bill, 2024 :

Shri P. Rajeeve, Minister for Law, Industries and Coir moved the motion that The Kerala Industrial Single Window Clearance Boards and Industrial Township Area Development (Amendment) Bill, 2024, and The Kerala Micro Small and Medium Enterprises and Other Enterprises Facilitation (Amendment) Bill, 2024 as reported by the Subject Committee be taken up for consideration.

Shri Manjalamkuzhi Ali, who recorded his dissent to the Subject Committee Report was not in the seat.

The amendments to the motion was not moved. Then, the motion was passed and the Bills were taken up for clause by clause consideration and passed with the following amendments.

1. The Kerala Industrial Single Window Clearance Boards and Industrial Township Area Development (Amendment) Bill, 2024 as reported by the Subject Committee :

രണ്ടാം വകുപ്പ്

(1) ഖണ്ഡം 2 (i) താഴെപ്പറയും പ്രകാരം മാറ്റുക :

"(i) "ഉപനിയമം" എന്ന പദം എവിടെയെല്ലാം വരുന്നുവോ അവിടെയെല്ലാം "ബൈലോ" എന്ന പദം തദനുസൃതമായി അതിന് പകരം ചേർക്കേണ്ടതാണ്; "

( 2) ഖണ്ഡം 2 (ii) താഴെപ്പറയും പ്രകാരം മാറ്റുക:

"(ii) "വ്യവസായ സംരംഭം" എന്ന പദം എവിടെയെല്ലാം വരുന്നുവോ അവിടെയെല്ലാം "വ്യവസായസ്ഥാപനം" എന്ന പദം തദനുസൃതമായി അതിന് പകരം ചേർക്കേണ്ടതാണ്;

മൂന്നാം വകുപ്പ്

ഖണ്ഡം 3 താഴെപ്പറയും പ്രകാരം മാറ്റുക:

"3. 2-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 2-ാം വകുപ്പിൽ, (എ) ഖണ്ഡത്തിൽ "വ്യവസായ സ്ഥാപനങ്ങൾ" എന്നതിന് പകരം "വ്യവസായസ്ഥാപനം" എന്ന വാക്ക് ചേർക്കേണ്ടതാണ്. "

2. The Kerala Micro Small and Medium Enterprises and Other Enterprises Facilitation (Amendment) Bill, 2024 as reported by the Subject Committee :

മൂന്നാം വകുപ്പ്

(1) ഖണ്ഡം 3 (ii) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ൽ, “5-ാം വകുപ്പ് പ്രകാരം" എന്നതിന് പകരം “5-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം" എന്ന് ചേർക്കുക.

(2) ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ൽ “നൽകിയ” എന്നതിന് ശേഷം വരുന്ന “ഒരു” എന്നത് ഒഴിവാക്കുക.

(3) ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ൽ "ആറുമാസവുമായ” എന്നതിന് ശേഷം വരുന്ന "ഒരു" എന്നത് ഒഴിവാക്കുക.

(4) ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ, “സംരംക്ഷണ” എന്നതിന് പകരം “സംരക്ഷണ” എന്ന് ചേർക്കുക.

(5) ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ “വിരുദ്ധമായും” എന്നതിന് പകരം “വിരുദ്ധമായോ” എന്ന് ചേർക്കുക.

(6) ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ “വ്യതിചലിച്ചുകൊണ്ടും” എന്നതിന് പകരം “വ്യതിചലിച്ചുകൊണ്ടോ” എന്ന് ചേർക്കുക.

(7) ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ൽ "ആവശ്യമായ അംഗീകാരങ്ങൾ” എന്ന വാക്കുകൾക്ക് ശേഷം "ബന്ധപ്പെട്ട നിയമങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട്” എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഒന്നാം വകുപ്പും പീഠികയും പേരും

പീഠികയിൽ “ഇതിനു ശേഷം” എന്നതിന് പകരം "ഇതിനുശേഷം" എന്ന് ചേർക്കുക.

(iii) Introduction and further stages of The Kerala Taxation Laws (Amendment) Bill, 2024 :

The Minister for Finance moved a motion to partially amend the Fourteenth Report of the Business Advisory Committee to consider the Bill today. The House adopted the motion and the Bill was taken up for consideration.

The Minister for Finance moved a motion to suspend Rule 69(5) and 76(1) of Rules of Procedure and Conduct of Business in Kerala Legislative Assembly. The motion was passed and The Kerala Taxation Laws (Amendment) Bill, 2024 was taken up for clause by clause consideration and passed without amendments.

*Ruling of the Speaker* :

Speaker gave a ruling on the point of order raised by the Leader of opposition regarding the admissibility of a Calling Attention and a Submission.

"ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ സാന്നിധ്യത്തിൽത്തന്നെ റൂളിംഗ് നൽകണമെന്നാണ് ആഗ്രഹിച്ചത്. പക്ഷേ, സഭയിൽനിന്ന് പ്രതിപക്ഷാംഗങ്ങൾ ഇറങ്ങിപോയിരിക്കുകയാണ്. ഇന്ന് ചട്ടം 304 പ്രകാരം ശ്രീ. വി. ജോയി സബ്മിഷൻ അവതരിപ്പിച്ചിരുന്നു. ഇതേ വിഷയം സംബന്ധിച്ച് 9-10-2024-ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും സബ്മിഷൻ അവതരിപ്പിച്ചിരുന്നു. അതുസംബന്ധിച്ച ക്രമപ്രശ്നമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സഭയിൽ ചൂണ്ടിക്കാണിച്ചത്. പൊതുസമൂഹത്തിൽ ഏറെ ചർച്ച ചെയ്യപ്പെടുന്ന വിഷയമെന്ന നിലയിൽ സദുദ്ദേശ്യത്തോടെയാണ് അത്തരമൊരു ഘട്ടത്തിൽ ചെയർ പ്രസ്തുത സബ്മിഷന് അനുമതി നൽകിയത്. നേരത്തെയും ഇത്തരം സമീപനമാണ് ചെയർ സ്വീകരിച്ചത്. സബ്മിഷന്റെ കാര്യത്തിൽ വളരെ ഉദാരമായ സമീപനമാണ് ഓരോ ഘട്ടത്തിലും ചെയർ സ്വീകരിച്ചിട്ടുള്ളത്. പക്ഷേ, നിയമസഭാ സെക്രട്ടേറിയറ്റിനെതിരെയും ചെയറിനെതിരെയും അനുചിതമായ പ്രസ്താവനയാണ് പ്രതിപക്ഷനേതാവ് സഭയിൽ നടത്തിയത്. അത്തരം ആക്ഷേപങ്ങൾ സഭയ്ക്കകത്ത് നടത്തിയെന്നുമാത്രമല്ല, സഭയ്ക്ക് പുറത്തും ഇത്തരം പരാമർശങ്ങൾ അദ്ദേഹം ആവർത്തിക്കുകയുണ്ടായി. ഇത്തരം രീതി അനുചിതമാണ്. ഭാവിയിൽ ചെയറിനെതിരെ പത്രക്കാരോട് ഇത്തരം പരാമർശങ്ങൾ നടത്തുന്നരീതി ശരിയല്ലെന്ന കാര്യം ഈ ഘട്ടത്തിൽ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്."

*Questions on Breach of Privilage* :

(i) Notice that was referred to the Committee on Privileges and Ethics :

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം4 പ്രകാരം സഭയിലെ അംഗങ്ങളുടെ ഇരിപ്പിടം സംബന്ധിച്ച തീരുമാനം സ്പീക്കറിൽ നിക്ഷിപ്തമാണെന്നിരിക്കെ, തന്റെ ഇരിപ്പിടമാറ്റം സംബന്ധിച്ച് സഭാധ്യക്ഷൻ എടുത്ത തീരുമാനത്തെ പരസ്യമായി മുഖ്യധാരാ മാധ്യമങ്ങളിലൂടെ വിമർശിക്കുകയും അധിക്ഷേപിക്കുകയും ചെയ്ത ശ്രീ. പി. വി. അൻവർ, എം.എൽ.എ.-യുടെ പ്രവൃത്തി സഭയുടെയും സഭാദ്ധ്യക്ഷന്റെയും അവകാശങ്ങളുടെ ലംഘനമാകയാൽ ശ്രീ. പി. വി. അൻവർ-എം.എൽ.എ.-ക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. എം. സച്ചിൻദേവ്, എം.എൽ.എ. 11-10-2024-ന് സമർപ്പിച്ച നോട്ടീസിൻമേൽ കൂടുതൽ പരിശോധനയും അന്വേഷണവും ആവശ്യമാകയാൽ ചെയർ ഈ വിഷയം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച് പരിശോധനയ്ക്കും അന്വേഷണത്തിനും റിപ്പോർട്ടിനുമായി പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് 14-10-2024-ന് റഫർ ചെയ്തിരിക്കുന്നതായി ബഹു. സ്പീക്കർ അറിയിച്ചു.

(ii) Notices for which consent was withheld :

2023 ഡിസംബർ 23-ന് കെ.പി.സി.സി. സംഘടിപ്പിച്ച ഡി.ജി.പി. ഓഫീസ് മാർച്ചിൽ പങ്കെടുത്ത ബഹുമാനപ്പെട്ട പ്രതിപക്ഷ കക്ഷികളിൽപ്പെട്ട ജനപ്രതിനിധികൾക്കെതിരെ പോലീസ് നടത്തിയ അതിക്രമം സഭയോടും സഭാംഗങ്ങളോടുമുള്ള അവഹേളനമാകയാൽ ആയതിന് ഉത്തരവാദികളായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, സംസ്ഥാന പോലീസ് മേധാവി എന്നിവർക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ. ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ആഭ്യന്തര വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായതായും നോട്ടീസിലെ വിഷയങ്ങളും ഇത് സംബന്ധിച്ച ആഭ്യന്തര വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയും പരിശോധിച്ചതായും വേദിയിൽ ഉണ്ടായിരുന്ന ജനപ്രതിനിധികൾക്കെതിരെ യാതൊരു വിധ നടപടിയും പോലീസിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ലെന്നും, ബാരിക്കേഡുകൾ തല്ലിത്തകർക്കാനായി നിയമവിരുദ്ധ സംഘം നടത്തിയ ആക്രമണവും കല്ലേറും തടയുന്നതിനുള്ള അവസാന ശ്രമമെന്ന രീതിയിലാണ് ജലപീരങ്കി പ്രയോഗവും കണ്ണീർ വാതക ഷെല്ലുകളുടെ പ്രയോഗവും നടത്തിയതെന്നും, പോലീസ് സമയോചിത നടപടി സ്വീകരിച്ചിരുന്നില്ലെങ്കിൽ ജനക്കൂട്ടം ബാരിക്കേഡ് തകർത്ത് കൂടുതൽ അക്രമം അഴിച്ചുവിടുമായിരുന്നുവെന്നും റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നതായും ആഭ്യന്തര വകുപ്പിൽ നിന്നും

ലഭ്യമാക്കിയ മറുപടിയിൽ നിന്ന് അവകാശലംഘനത്തിന് ഹേതുവാകുന്ന യാതൊരു നടപടിയും പോലീസിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവകാശലംഘന നോട്ടീസിനുള്ള അനുമതി നിഷേധിക്കുന്നതായും സ്പീക്കർ അറിയിച്ചു.

(iii) The following notices of Question on breach of Privilege is under the consideration of the Chair :

വൈക്കത്ത് വഴിയോരക്കച്ചവടക്കാരെ ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടായ സംഘർഷത്തിൽ അറസ്റ്റിലായ തൊഴിലാളികളെയും നേതാക്കളെയും ജാമ്യത്തിൽ എടുക്കുന്നതിനായി വൈക്കം പോലീസ് സ്റ്റേഷനിൽ എത്തിയ തന്നോട് നിയമസഭാംഗമെന്ന പരിഗണനപോലും നൽകാതെ അപമര്യാദയായി പെരുമാറിയ വൈക്കം എസ്.എച്ച്.ഒ.-ക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി സി. കെ. ആശ, എം.എൽ.എ. 21-8-2024-ന് സമർപ്പിച്ച നോട്ടീസ് ചെയറിന്റെ പരിഗണനയിലാണെന്ന് സ്പീക്കർ അറിയിച്ചു.

The Chief Minister moved a motion that the House may be adjourned s*ine die* and the same was adopted by the House.

The Speaker made a brief review of the Twelfth Session of the Fifteenth Kerala Legislative Assembly.

The House adjourned *sine die* at 4.09 p.m.

National Anthem was sung.

DR. N. KRISHNA KUMAR,
*Secretary.*